07-09-2015

# വന്യജീവി വാരാഘോഷം - 2015
# വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ
## (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള കുറിപ്പ്)

2015 ലെ വന്യജീവി വാരത്തോടനുബന്ധിച്ച് വനത്തേയും വന്യജീവികളെയും വിഷയമാക്കി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സംസ്ഥാന വനം വന്യജീവി വകുപ്പ് വിവിധയിനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഇതു സംബന്ധിച്ച് വിദ്യാർത്ഥികളുടെയും, രക്ഷാകർത്താക്കളുടെയും മറ്റും അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നത്.

- എല്ലാ സർക്കാർ / എയിഡഡ് / അംഗീകൃത സ്വാശ്രയ സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാം.
- ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് പെൻസിൽ ഡ്രായിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിൽ പങ്കെടുക്കാവുന്നതാണ്.
- ജില്ലാതല മത്സരങ്ങളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| **ജില്ലാതല മത്സരങ്ങളുടെ സമയ വിവരം** | | |
|---|---|---|
| 02-10-2015 (വെള്ളി) | രാവിലെ 9 മുതൽ | രജിസ്ട്രേഷൻ |
| | 9.30 മുതൽ 11.30 വരെ | പെൻസിൽ ഡ്രോയിംഗ്. |
| | 11.45 മുതൽ 12.45 വരെ | ഉപന്യാസം |
| | 2.15 മുതൽ 4.15 വരെ | വാട്ടർ കളർ പെയിൻറിംഗ് |
| 03-10-2015 (ശനി) | 10.00 മുതൽ 1.00 വരെ | ക്വിസ് |
| | 2.00 മുതൽ 4.00 വരെ | പ്രസംഗം |

- ജില്ലാതല മത്സരങ്ങൾ അതാത് ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ വച്ച് നടത്തുന്നതാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ആഫീസിൽനിന്ന് അറിയാവുന്നതാണ്.

- ഹൈസ്കൂൾ, കോളേജ് വിഭാഗങ്ങളിലുള്ളവർക്കായി പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങൾക്കു പുറമെ ക്വിസ്, ഉപന്യാസം, പ്രസംഗം എന്നീ ഇനങ്ങളിലും മത്സരം സംഘടിപ്പിക്കുന്നതാണ്.

- ക്വിസ് മത്സരത്തിന് ഓരോ സ്കൂൾ/കോളേജിനെ പ്രതിനിധീകരിച്ച് 2 പേരുടെ ഒരു ടീം മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. എന്നാൽ ഒരു വിദ്യാർത്ഥി മാത്രം പ്രതിനിധീകരിക്കേണ്ടി വരുന്ന ഒഴിവാക്കാനാകാത്ത സാഹചര്യം ഉണ്ടായാൽ ഒരാൾ മാത്രമുള്ള ടീമിനെയും പരിഗണിക്കുന്നതായിരിക്കും.

- മറ്റു മത്സരയിനങ്ങളിൽ ഓരോ സ്ഥാപനത്തിൽനിന്നും 2 പേർക്കു വരെ പങ്കെടുക്കാവുന്നതാണ്.

- പെയിന്റിംഗ്, ഡ്രോയിംഗ് എന്നീ ഇനങ്ങളിൽ പങ്കെടുക്കുന്നവർ പേപ്പർ ഒഴികെയുള്ള ഉപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്.

- മൂന്നു പേരടങ്ങുന്ന വിധികർത്താക്കളുടെ സമിതിയായിരിക്കും വിജയികളെ നിർണ്ണയിക്കുന്നത്.

- വിഷയങ്ങൾ മത്സര സമയത്തു മാത്രമെ പരസ്യപ്പെടുത്തുകയുള്ളു.

- ജില്ലാ തലത്തിൽ ഓരോയിനത്തിലും ആദ്യ മൂന്നു സ്ഥാനങ്ങൾ നേടുന്നവർക്ക് ക്യാഷ് അവാർഡിനും, സർട്ടിഫിക്കറ്റിനും അർഹതയുണ്ടായിരിക്കും.

- ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ ഹെഡ് മാസ്റ്ററുടെ/പ്രിൻസിപ്പലിന്റെ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

- ഓരോയിനത്തിലും ഒന്നാം സ്ഥാനം നേടുന്നവരെ സംസ്ഥാനതല മത്സരത്തിനായി പരിഗണിക്കുന്നതാണ്.

- ക്വിസ്, പ്രസംഗം എന്നീ ഇനങ്ങളിൽ മാത്രമെ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നവർക്കായി സംസ്ഥാന തലത്തിൽ നേരിട്ടുള്ള മത്സരം ഉണ്ടായിരിക്കുകയുള്ളു.

- **സംസ്ഥാനതല മത്സരം 08-10-2015 ന് നടത്തുന്നതാണ്.**

- സംസ്ഥാനതല മത്സരങ്ങളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| സംസ്ഥാനതല മത്സരങ്ങളുടെ സമയ വിവരം | | |
|---|---|---|
| 08-10-2015 (വ്യാഴം) | രാവിലെ 8.30 ന് | രജിസ്ട്രേഷൻ |
| | 9.00 മുതൽ 11.00 വരെ | ക്വിസ് (ഹൈസ്കൂൾ വിഭാഗം), പ്രസംഗ മത്സരം (കോളേജ് വിഭാഗം) |
| | 11.00 മുതൽ 1.00 വരെ | ക്വിസ് (കോളേജ് വിഭാഗം), പ്രസംഗ മത്സരം (ഹൈസ്കൂൾ വിഭാഗം) |

- സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന ഓരോ വിദ്യാർത്ഥിക്കും അനുഗമിക്കുന്ന ഒരു രക്ഷകർത്താവിനും സ്ളീപ്പർ ക്ളാസ് യാത്രാ ബത്ത ലഭിക്കുന്നതാണ്. കൂടാതെ, താമസസൗകര്യം, ഭക്ഷണം മുതലായവയും വനം വകുപ്പ് നൽകുന്നതാണ്.

- സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ അർഹരായവർ ജില്ലാതല മത്സരത്തിൽ ലഭിച്ച സർട്ടിഫിക്കറ്റ് ഐഡന്റിറ്റിക്കുവേണ്ടി ഹാജരാക്കേണ്ടതാണ്.

- മറ്റിനങ്ങളിൽ 14 ജില്ലകളിൽനിന്നും ഓരോയിനത്തിലും ഒന്നാം സമ്മാനം നേടുന്ന സൃഷ്ടികൾ വിലയിരുത്തി സംസ്ഥാനതല വിജയികളെ കണ്ടെത്തുന്നതാണ്. അപ്രകാരം ഓരോ ഇനത്തിലും ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്നവരെ ഫോണിൽ വിവരം അറിയിക്കുന്നതും സർട്ടിഫിക്കറ്റും, ക്യാഷ് അവാർഡും സ്വീകരിക്കുന്നതിനായി **സമാപന സമ്മേളനം നടക്കുന്ന കേന്ദ്രത്തിൽ 08-10-2015- ന്** എത്തേണ്ടതുമാണ്.

- ഒന്നാം സമ്മാനത്തിന് അർഹമാകുന്നവർക്ക് ക്യാഷ് അവാർഡിനും സർട്ടിഫിക്കറ്റിനും പുറമെ ഓരോ ഇനത്തിലും റോളിംഗ് ട്രോഫിയും ലഭിക്കുന്നതാണ്.

- സംസ്ഥാനതല മത്സരത്തിൽ വിജയികളാവുന്നവരെ അനുമോദിക്കുന്നതിനായി അതാതു സ്കൂളിൽ/കോളേജിൽ അനുമോദന ചടങ്ങ്, ബന്ധപ്പെട്ട സ്ഥാപനവുമായി ചേർന്ന് സംഘടിപ്പിക്കുന്നതായിരിക്കും.

- സംശയ നിവാരണത്തിനായി ജില്ലാതല സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർമാരെയോ, പബ്ളിക് റിലേഷൻസ് ഓഫീസറുമായോ, ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ

ഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പരുകൾ ചുവടെ ചേർത്തിരിക്കുന്നു.

| | |
|---|---|
| Assistant Conservator of Forests, Social Forestry (SF), Thiruvananthapuram. | 9447979135 |
| Assistant Conservator of Forests, SF, Kollam | 9447979132 |
| Assistant Conservator of Forests, SF, Pathanamthitta | 9447979134 |
| Assistant Conservator of Forests, SF, Alappuzha | 9447979131 |
| Assistant Conservator of Forests, SF, Kottayam | 9447979133 |
| Assistant Conservator of Forests, SF, Idukki | 9447979142 |
| Assistant Conservator of Forests, SF, Ernakulam | 9447979141 |
| Assistant Conservator of Forests, SF, Thrissur | 9447979144 |
| Assistant Conservator of Forests, SF, Palakkad | 9447979143 |
| Assistant Conservator of Forests, SF, Kozhikkode | 9447979153 |
| Assistant Conservator of Forests, SF, Malappuram | 9447979154 |
| Assistant Conservator of Forests, SF, Wayanad | 9447979155 |
| Assistant Conservator of Forests, SF, Kannur | 9447979151 |
| Assistant Conservator of Forests, SF, Kasargode | 9447979152 |
| Director, Forestry Information Bureau, Thiruvananthapuram. | 0471-2529143<br>0471-2529145 |
| Deputy Conservator of Forests (Wildlife) | 0471 2529319<br>9447979028) |
| Senior Wildlife Assistant, O/o. the Chief Wildlife Warden. | 0471-2529323 |

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വന്യജീവി വിഭാഗം)& ചീഫ് വൈൽഡ്ലൈഫ് വാർഡൻ
തിരുവനന്തപുരം.